milma

Malabar Regional Co-operative Milk Producers' Union Ltd.

Head Office: Peringolam, Kunnamangalam, Kozhikode, Kerala - 673 571

MRU:M:SP:2023-24: 174 17.06.2023

## പത്രക്കുറിപ്പ്

ലോക ക്ഷീര ദിനാഘോഷത്തിന്റെ ഭാഗമായി മിൽമ മലബാർ മേഖലാ യൂണിയൻ സംഘടിപ്പിക്കുന്ന വീഡിയോ റീൽസ് മത്സരത്തിൽ പങ്കെടുക്കേണ്ട അവസാന തിയ്യതി മത്സരാർത്ഥികളുടെ അഭ്യർത്ഥന മാനിച്ച് **30.06.2023 വൈകുന്നേരം 5 മണി വരെ ദീർഘിപ്പിച്ചിരിക്കുന്നു.**

**'ക്ഷീര മേഖലയോടൊപ്പം ആഘോഷിക്കൂ'** എന്ന ലോക ക്ഷീരദിനത്തിന്റെ മുദ്രാവാക്യത്തെ ആസ്പദമാക്കി 30 സെക്കന്റ് മുതൽ ഒരു മിനിറ്റ് വരെ ദൈർഘ്യമുള്ള മൊബൈലിലോ, ക്യാമറയിലോ പകർത്തിയ വീഡിയോ റീൽസ് ആവിഷ്കാരമാണ് മത്സരത്തിനായി അയക്കേണ്ടത്. വ്യക്തികൾക്കും, ഗ്രൂപ്പായും (പരമാവധി 3 പേർ) മത്സരത്തിൽ പങ്കെടുക്കാം.

മേൽ വിഷയത്തെ അടിസ്ഥാനമാക്കി തയ്യാറാക്കുന്ന 30 സെക്കന്റ് മുതൽ ഒരു മിനിറ്റ് വരെ ദൈർഘ്യമുള്ള വീഡിയോ റീൽസ് **9048983724** എന്ന വാട്സ്ആപ്പ് നമ്പറിൽ, മത്സാരാർത്ഥി/മത്സരിക്കുന്ന ടീമിന്റെ ലീഡറുടെ ആധാർ കാർഡ് സഹിതം 30.06.2023 വൈകുന്നേരം 5 മണിക്കകം ലഭിക്കത്തക്ക രീതിയിൽ അയക്കേണ്ടതാണ്. ആധാർ കാർഡ് സഹിതമല്ലാതെ അയക്കുന്നതും, നിശ്ചിത സമയത്തിന് ശേഷം ലഭിക്കുന്നതും ആയ എൻട്രികൾ മത്സരത്തിനായി പരിഗണിക്കുന്നതല്ല.

30.06.2023 വൈകുന്നേരം 5 മണിക്കകം ലഭിക്കുന്ന വീഡിയോ റീൽസിൽ നിന്നും മലബാർ മേഖലയിലെ 6 ജില്ലകളിലെയും എൻട്രികളിൽ നിന്ന് ഓരോ ജില്ലയിലും ക്യാഷ് പ്രൈസ്, പ്രശസ്തി പത്രം, ഫലകം ഉൾപ്പെടെ മൂന്ന് സമ്മാനങ്ങൾ വീതവും, മറ്റ് ജില്ലകൾ ഒരു ഗ്രൂപ്പായി പരിഗണിച്ച് ആറ് സമ്മാനങ്ങളും നൽകുന്നതാണ്. ഒന്നാം സമ്മാനം 10,000 രൂപ, രണ്ടാം സമ്മാനം 5,000 രൂപ, മൂന്നാം സമ്മാനം 3,000 രൂപ.

ആധാർകാർഡിലെ ജില്ലയായിരിക്കും മത്സരാർഥിയുടെ ജില്ലയായി പരിഗണിക്കുക.

കൂടുതൽ വിവരങ്ങൾക്ക് 9496839729 എന്ന നമ്പറിലോ, artwork@malabarmilma.coop എന്ന ഇമെയിൽ വിലാസത്തിലോ ബന്ധപ്പെടാവുന്നതാണ്.

CO-OPERATIVE MILK PRODUCERS' MALABAR REGIONAL ... LTD. No. D 99 (D) H.O. Calicut

മാനേജിംഗ് ഡയറക്ടർ